പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6004

07-07-2014 ൽ മറുപടിക്ക്

## പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ പാടശേഖരങ്ങളിൽ പമ്പിംഗ് സബ്സിഡി നിരക്കിലുള്ള വ്യത്യാസം

ചോദ്യം

ശ്രീ. മാത്യു.റ്റി. തോമസ്

ഉത്തരം

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ പാടശേഖരങ്ങളിൽ പമ്പിംഗ് സബ്സിഡി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ആലപ്പുഴ ജില്ലയിൽ ഉൾപ്പെട്ട കുട്ടനാടൻ പാടശേഖരങ്ങൾ സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ ടി പാടശേഖരങ്ങളിലെ വെള്ളം വറ്റിക്കുന്നതിന് അപ്പർകുട്ടനാട് മേഖല (പത്തനംതിട്ട ജില്ല) യിൽ ഉൾപ്പെട്ട പാടശേഖരങ്ങളെക്കാൾ ചെലവ് കൂടുതലാണ്. ആയതിനാലാണ് ആലപ്പുഴ, പത്തനതിട്ട ജില്ലകളിലെ പാടശേഖരങ്ങളിലെ പമ്പിംഗ് സബ്സിഡി നിരക്ക് വ്യത്യാസപ്പെട്ടിരിക്കുന്നത്. |
| (ബി) പമ്പിംഗ് സബ്സിഡി നിരക്കുകൾ കുട്ടനാട്ടിനൊപ്പം അപ്പർ കുട്ടനാട്ടിലും വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പമ്പിംഗ് സബ്സിഡി നിരക്ക് സൗജന്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ